# സ്പോർട്സ് ജേണലിസ്റ്റ് വർക്ക്ഷോപ്പ് മെയ് 30,31 തീയ്യതികളിൽ

**കോഴിക്കോട്:** സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കാലിക്കറ്റ് പ്രസ്സ് ക്ലബ് സംഘടിപ്പിക്കുന്ന സംസ്ഥാനതല സ്പോർട്സ് ജേണലിസ്റ്റ്സ് വർക്ക്ഷോപ്പ് മെയ് 30,31 തിയ്യതികളിലായി കാപ്പാട് ബീച്ച് റിസോർട്ടിൽ നടക്കും. 30ന് രാവിലെ പത്തിന് സ്പോർട്സ് മന്ത്രി എം. വിജയകുമാർ ഉദ്ഘാടനം നിർവഹിക്കും. സ്പോർട്സ് കൗൺസിൽ പ്രസിഡണ്ട് എം. ദാസൻ അധ്യക്ഷനായിരിക്കും. മുതിർന്ന കളിയെഴുത്തുകാരായ വിംസീ, കെ.പി.ആർ. കൃഷ്ണൻ, കെ. കോയ എന്നിവരെ ചടങ്ങിൽ ആദരിക്കും. രണ്ട് ദിവസം ദീർഘിക്കുന്ന വർക്ക്ഷോപ്പിന് മലയാള മനോരമ സ്പോർട്സ് എഡിറ്റർ കെ.എൻ.ആർ. നമ്പൂതിരി, മാതൃഭൂമി ഡെപ്യൂട്ടി എഡിറ്റർ വി. രാജഗോപാൽ, ദേശാഭിമാനി സ്പോർട്സ് എഡിറ്റർ എ.എൻ. രവീന്ദ്രദാസ്, കേരള കൗമുദി അസി. എഡിറ്റർ മുരളീകൃഷ്ണ, ചന്ദ്രിക സ്പോർട്സ് എഡിറ്റർ കമാൽ വരദൂർ, ആകാശവാണി തിരുവനന്തപുരം നിലയത്തിലെ സതീഷ് ചന്ദ്രൻ തുടങ്ങിയവർ നേതൃത്വം നൽകും. പി.ടി. ഉഷ, ഐ.എം. വിജയൻ എന്നിവർ അനുഭവങ്ങൾ പങ്കിടാനായി ക്യാമ്പിലെത്തും. 31ന് ഉച്ചക്ക് സമാപിക്കും. ക്യാമ്പ് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് 9447637539 എന്ന നമ്പറിൽ ബന്ധപ്പെടാം.

**കമാൽ വരദൂർ**

28.05.2009 സെക്രട്ടറി